കേരള സർക്കാർ

# സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പോരൂർ ഗ്രാമ പഞ്ചായത്ത്

# 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഫണ്ട് ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.
e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ/എം.പി.എം 5/3310/2016

സംസ്ഥാന ഫണ്ട് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

തീയതി 07-01-2017

e-mail:dompm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പോരൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പോരൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

mac

കെ.എസ്.എ/എം.പി.എം 5/3310/2016

തിയ്യതി: 07-01-2017

മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.06.2016മുതൽ 01.11.2016തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ഷാജഹാൻ.എ.എസ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 16-11-2016 മുതൽ 26-11-2016വരെ |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീ. സതീഷ് മാവേലി, ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. സക്കീർ ഹുസൈൻ.പി.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. അമീൻ ഫൈസൽ.ടി.ടി., ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. മുംതാസ് കരീം<br>അഡ്മിനിസ്ട്രേറ്റീവ് ബോർഡ് | 01.04.2015മുതൽ31.10.2015വരെ<br>01.11.2015 മുതൽ 18.11.2015 വരെ |
| | | ശ്രീമതി.അർച്ചന എൻ.എസ് | 19.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | : | സുബ്രഹ്മണ്യൻ. ആർ.പി<br>(ഇൻ-ചാർജ്)<br>മുരളീധരൻ.എം | 01.04.2015മുതൽ 05.08.2015വരെ<br>06.08.2015മുതൽ31.03.2016വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
|---|---|---|---|
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി.എൻജിനീയർ | | ഗ്രീഷ്മ.ജി.ആർ | 01.04.2015മുതൽ 31.03.2016വര |
| വി.ഇ.ഒ | | ബിന്ദു.എ.ആർ | 01.04.2015മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | | കെ.പി.റഹ്മത്ത് | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ | | | |
| പി.എച്ച്.സി | | ഡോ.ഷരീഫ<br>ഡോ.അബ്ദുൽ റഊഫ് | 01.04.2015മുതൽ 30.06.2015വരെ<br>20.07.2015 മുതൽ 31.03.2016വര<br>01.07.2015 മുതൽ19.07.2015വരെ |
| ജി.എ.ഡി | | ഡോ.സുനിൽ ബാബു<br>ഡോ.അമ്പിളി പ്രഭാകരൻ | 01.04.2015മുതൽ 29.06.2015വരെ<br>30.06.2015മുതൽ31.03.2016വരെ |
| വെറ്ററനറി സർജൻ | | ഡോ.രാജൻ.പി | 01.04.2015മുതൽ 31.03.2016വരെ |
| എച്ച്.എം | | വിനയൻ.പി | 01.04.2015മുതൽ31.03.2016വരെ |
| കൃഷി ഓഫീസർ | | ഹംസ കുരിക്കൾ | 01.04.2015മുതൽ 31.03.2016വരെ |
| അസി.സെക്രട്ടറി | | സുബ്രഹ്മണ്യൻ. ആർ.പി | 01.04.2015മുതൽ 31.03.2016വരെ |
| | | അനൂപ്.എൻ. | 12-02-2016 മുതൽ 31-03-2016വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1. | ബജറ്റ് | 1-1 | |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3. | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4. | സാമ്പത്തിക വിശകലനം | 1-4 | |
| 5. | ഫണ്ട് വിനിയോഗം | 1-5 | |
| 6. | പദ്ധതി അവലോകനം | 1-6 | |
| 7. | തനത് വരുമാനം | 1-7 | |
| 8. | ക്ഷേമപദ്ധതികൾ | 1-8 | |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10. | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12. | അക്കൗണ്ടുകളുടെ നീക്കിയിരുപ്പ്- കൃത്യത ഇല്ല | 2-1 | |
| 13. | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചില്ല. | 2-2 | |
| 14 | ടെണ്ടർ ഫോം വില പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരാത്തത്. | 2-3 | |
| . | ഭാഗം 3 | | |
| 15. | പണിസ്ഥലത്ത് ലഭ്യമായ മണ്ണിന്റെ അളവ് കുറവ് ചെയ്തില്ല. | 3-1 | |
| 16. | സ്ലാബിന് അധിക നിരക്ക് നൽകി. | 3-2 | |

| | | | |
|---|---|---|---|
| 17. | ആശ്രയ രണ്ടാം ഘട്ടം; അടിയന്തര നടപടികൾ സ്വീകരിച്ചില്ല. | 3-3 | |
| 18. | പാർട്ട് ബില്ലിൽ ടെണ്ടർ കുറവ് വരുത്താത്തത്. | 3-4 | |
| 19. | പൊതുമരാമത്ത് പ്രവൃത്തികൾ- നേരിടുന്ന പ്രശ്നങ്ങൾ | 3-5 | |
| 20. | ഗുണഭോക്തൃ സമിതി മുഖേന നിർവഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികൾ -അപാകതകൾ | 3-6 | |
| 21. | എസ്.സി വിദ്യാർഥികൾക്ക് പഠനമുറി. | 3-7 | |
| 22. | ഐ.എ.വൈ വിഹിതം അധികം അടവാക്കി. | 3-8 | |
| 23. | ഡെപ്പോസിറ്റ് റീഫണ്ട് - രേഖ ഉള്ളടക്കം ചെയ്തില്ല | 3-9 | |
| 24. | ലേലം ചെയ്ത വാഹനം - ലേലക്കാരന് നൽകാനായില്ല. | 3-10 | |
| 25. | വാർഡ് സാനിറ്റേഷൻ - ചെലവ് രേഖകൾ വസ്തുതാപരമല്ല | 3-11 | |
| 26. | പ്രോജക്ട് പ്രകാരം വാങ്ങിയ മരുന്ന് പ്രയോജനപ്പെടുത്തിയില്ല | 3-12 | |
| 27. | പരിരക്ഷ- മരുന്നുകൾ പൂർണമായി ലഭ്യമായില്ല | 3-13 | |
| 28. | ഭവന നിർമാണം പ്രോജക്ട്- അവലോകനം | 3-14 | |
| 29. | തിരിച്ചടവാക്കിയ TSP ഫണ്ട്- ചെലാൻ ഇല്ല | 3-15 | |
| | ഭാഗം 4 | | |
| 30. | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 31. | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 32. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 33. | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 34. | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 35. | ഓഡിറ്റ് റിക്കവറി | 4-6 | |
| 36. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 37. | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 38. | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

2015-16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 27.03.2015 തിയതിയിലെ 01 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 29.06.2016 | --- | --- |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 25.11.2016, 24.11.2016 | ഇതേ റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

2015-16-ലെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. സ്പെഷൽ ഗ്രാന്റ് ഇനത്തിലെ നീക്കിയിരുപ്പ് തുക പൂർണ്ണമായി ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.
2. MGNREGA -യുടെ ഭരണപരമായ ചെലവ് പൂർണ്ണമായി ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
3. ഡി & ഒ ലൈസൻസ് ഇനത്തിലെ അഡ്വാൻസ് കളക്ഷൻ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
4. തൊഴിൽ നികുതി ഇനത്തിലെ കുടിശ്ശിക കളക്ഷൻ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
5. Treasury Transaction Account – ലെ നീക്കിയിരുപ്പിന്റെ സോഴ്സ് സംബന്ധിച്ച വിവരം ലഭ്യമല്ല.
6. Other Deposit ഇനത്തിലെ നീക്കിയിരുപ്പിന്റെ വിവരം ലഭ്യമല്ല.
7. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
8. വസ്തുനികുതി ഡിമാന്റ്/അരിയർ ഡിമാന്റ് റജിസ്റ്ററുകൾ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

   (ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 30101193 |
| വരവ് | 41914848 |
| ആകെ | 72016041 |
| ചെലവ് | 53180994 |
| നീക്കിയിരിപ്പ് | 18835047 |

1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ കാലഹരണ പ്പെട്ടത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 3764546 | 8487644 | 3066828 (+) | 15319018 | 12333076 | 2985762 | 81 |
| വികസന ഫണ്ട് എസ്.സി.പി. | 2075296 | 7914000 | 0 | 9989296 | 8505405 | 1483891 | 85 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് ടി.എസ്.പി. | 0 | 9000 | 0 | 9000 | 9000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1737733 | 6790000 | 0 | 8527733 | 8426754 | 100979 | 99 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 1978405 | 2718000 | 0 | 4696405 | 4106992 | 589413 | 87 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1802641 | 3763665 | 269828 (-) | 5296478 | 5251732 | 44746 | 99 |
| പെർഫോമൻസ് ഗ്രാന്റ് | 3005613 | 2797000 | 2797000 (-) | 3005613 | 2876190 | 129423 | 96 |
| എ.എൻ.ആർ.ഇ.ജി.എസ്. | 16 | 10752037 | 0 | 10752053 | 10736633 | 15420 | 100 |
| ബി ഫണ്ട് | 0 | 29074491 | 0 | 29074491 | 29074491 | 0 | 100 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 174 | 48373055 | 152 | 43775580 | 4 | 18 | 83 |

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം6ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2791418 | 1253719 | (-)1537762 | 55 (-) |
| നികുതിയേതര വരവുകൾ | 1315851 | 1517779 | 201928 | 15 (+) |
| മറ്റുവരവുകൾ | 7385432 | 7816861 | 431429 | 6 (+) |
| ആകെ | 11492764 | 10588359 | (-)904405 | 8 (-) |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 582840 | 313 |
| കർഷകതൊഴിലാളി പെൻഷൻ | 3241800 | 395 |
| വിധവാപെൻഷൻ | 11786000 | 1193 |
| വാർദ്ധക്യകാലപെൻഷൻ | 8110080 | 1048 |
| വികലാംഗപെൻഷൻ | 3832085 | 376 |
| അവിവാഹിതാ പെൻഷൻ | 891680 | 86 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | 150000 | 5 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പ് 5998/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

പ്രത്യേക പരാമർശമില്ല

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.11.2016 | 01.09.16-31.10.16 | 10.11.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.08.2007 | 1997-98 to 2006-07 | 06.09.07 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അക്കൗണ്ടുകളുടെ നീക്കിയിരുപ്പ്- കൃത്യത വരുത്തേണ്ടതാണ്.

പഞ്ചായത്തിന് Treasury Transaction Account, PNB Special Grant എന്നീ പേരുകളിൽ പഞ്ചാബ് നാഷണൽ ബാങ്കിന്റെ താഴെ ചേർത്തിട്ടുള്ള അക്കൗണ്ടുകളിൽ വരവ് ഇനത്തിന്റെ വ്യക്തത ഉറപ്പ് വരുത്താൻ കഴിയുന്നില്ല യഥാക്രമം 83,423, 77,34,384 രൂപയുടെ നീക്കിയിരുപ്പ് ഉണ്ട്. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ/ പേര് | ബാങ്ക് | നീക്കിയിരുപ്പ് |
|---|---|---|---|
| 01 | 4363000100334605<br>Treasury Transaction Account | PNB, Wandoor | 83,423 |
| 02 | 4363000100334599<br>PNB Special Grant | PNB, Wandoor | 77,34,384 |

മേൽ അക്കൗണ്ടുകളുടെ നീക്കിയിരുപ്പിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് സെക്രട്ടറിക്ക്

നൽകിയ മറുപടിയിൽ, ലഭ്യമാക്കിയ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ/ പേര് | നീക്കിയിരിപ്പിന്റെ വിവരം |
|---|---|---|
| 01 | 4363000100334605<br>Treasury Transaction Account | പലിശ __ 74990<br>വ്യക്തത ഉറപ്പ് വരുത്താൻ<br>കഴിയാത്ത തുക __ 8433<br>ആകെ __ 83,423 |
| 02 | 4363000100334599<br>PNB Special Grant | തനത് വരുമാനം<br>(പലിശ ഉൾപ്പടെ) __ 3531610<br>ജില്ലാ പഞ്ചായത്ത് വിഹിതം<br>(കാലഹരണപ്പെട്ടു) __ 2000000<br>ബാധ്യത (കേന്ദ്ര വിഹിതം<br>ഉൾപ്പടെ) __ 2202774<br>ആകെ __ 77,34,384 |

പലിശ ഉൾപ്പടെ ബാധ്യതയില്ലാത്ത നീക്കിയിരുപ്പുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതും, ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള പദ്ധതി വിഹിതം (കാലഹരണപ്പെട്ടു) കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതും, വാർഷിക ധനകാര്യ പത്രികയിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുകകൾ പ്രത്യേകം നിലനിർത്തേണ്ടതുമാണ്.

## 2-2 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പ്രധാന തനതു വരുമാനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ എന്നിവ ചുമത്തുന്നതിലും പിരിച്ചെടുക്കുന്നതിലും സാരമായ വീഴ്ച്ചയുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | അപാകതകൾ/ പരാമർശം |
|---|---|
| വസ്തു നികുതി | 1. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ, നിലവിലുള്ള കെട്ടിടങ്ങളോട് കൂടി കൂട്ടിചേർക്കുന്നതിന് (Extension) പെർമിറ്റ് നൽകിയ ഭൂരിഭാഗം കേസുകളിലും പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടും പെർമിറ്റ് പുതുക്കുകയോ, കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി പുനർ നിർണ്ണയിക്കുകയോ ചെയ്യാത്തത് മൂലം നികുതി വരുമാനത്തിൽ കുറവ് ഉണ്ടാവുന്നു.<br>2. താമസാവശ്യത്തിന് നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾ പഞ്ചായത്തിന്റെ അനുമതികൂടാതെ ഒക്യുപൻസി മാറ്റി വാണിജ്യ ാവശ്യത്തിന് ഉപയോഗിക്കുന്നില്ലന്ന് ഉറപ്പ് വരുത്തുന്നതിന് പരിശോധന നടത്തേണ്ടതാണ്.<br>3. ബന്ധപ്പെട്ട വാർഡിന്റെ ചുമതലയുള്ള ക്ലാർക്/ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർ കൃത്യമായ ഇടവേളകളിൽ ഫീൽഡ് പരിശോധന നടത്തി സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതും സെക്രട്ടറി ആയതിന്മേൽ നടപടി സ്വീകരിക്കേണ്ടതുമാണ്. |
| തൊഴിൽ നികുതി | 1. വസ്തു നികുതി രജിസ്റ്റർ പ്രകാരം വാണിജ്യ/ വ്യവസായ/ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുള്ള മുഴുവൻ അസസ്സെന്റുകളിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ |

| | |
|---|---|
| | ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>2. തൻവർഷം ഡി & ഒ ലൈസൻസ് നൽകിയിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>3. തൊഴിൽ നികുതി റിട്ടേൺ പ്രകാരമുള്ള അർദ്ധ വാർഷിക വരുമാനം സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുമായി ഒത്തുനോക്കേണ്ടതാണ് (അർദ്ധ വാർഷിക വരുമാനം വളരെ കുറവായി കാണിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ). |
| ഡി & ഒ ലൈസൻസ് ഫീ | 1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും, ആയത് കാലികമാക്കേണ്ടതുമാണ്.<br>2. വസ്തു നികുതി രജിസ്റ്റർ പ്രകാരം വാണിജ്യ ആവശ്യങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. |
| പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. | |

## 2-3 ടെണ്ടർ ഫോം വില പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരാത്തത്.

അസി.എഞ്ചിനിയർ നിർവഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവർത്തികളിൽ ഇ-ടെണ്ടർ മുഖേനെയാണ് കരാറുക്കാരനെ തെരഞ്ഞെടുത്തിട്ടുള്ളത്. കരാറുകാർ സൈറ്റിൽ നിന്നും ടെണ്ടർ ഫോം ഡൗൺലോഡ് ചെയ്യുന്നതോടൊപ്പം ഫോമിന്റെ വില എക്സ്യക്യൂട്ടിവ് എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിലും ഈ തുക നാളിതുവരെ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലോ അസി.എഞ്ചിനിയറുടെ അടവ് വന്നതായി കാണുന്നില്ല.

| പ്രവർത്തിയുടെ വിവരം | ടെണ്ടറിൽ പങ്കെടുത്തവർ | ഫോം വില | ആകെവില |
|---|---|---|---|
| വീതനശ്ശേരി വടക്കേതല അംഗനവാടി കെട്ടിട നിർമ്മാണം<br>പ്രൊജക്ട് -165/16 | 1 | 2800+140 Vat | 2800+140 |
| മേലേനം അംഗനവാടി കെട്ടിട നിർമ്മാണം<br>പ്രൊജക്ട് -164/16 | 2 | 2800+140 vat | 5600+280 |
| തിരുന്നേലി അംഗനവാടി കെട്ടിട നിർമ്മാണം<br>പ്രൊജക്ട് -163/16 | 2 | 2900+145 | 5800+290 |

ടെണ്ടർ ഫോമിന്റെ വില നാളിതുവരെ പഞ്ചായത്ത്ഫണ്ടിൽ ഒടുക്ക് വരുത്താതിന് മതിയായ കാരണം ഹാജരാക്കേണ്ടതാണ്.

(കുറിപ്പ്- എൻക്വയറി നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പണിസ്ഥലത്ത് ലഭ്യമായ മണ്ണിന്റെ അളവ് കുറവ് ചെയ്തില്ല.

തിരുന്നേലി അംഗനവാടി കെട്ടിട നിർമ്മാണം

പ്രൊജക്ട് -163/16

കരാറുകാരൻ-ടി.പി. രവി( 5.6% കുറവ്)

എഗ്രിമെന്റ് -8/15-16

പാർട്ട് ബിൽ വിവരം

ബിൽ നമ്പർ - 65/20-1-16, തുക- 493968

ഫൈനൽ ബിൽ വിവരം

ബിൽ നമ്പർ -96/28-3-16, തുക- 880232

മേൽ പ്രവൃത്തിയുടെ ഒന്നാം ഇന പ്രകാരം പണിസ്ഥലത്ത് 24.885 M3 മണ്ണ് ലഭ്യമാണ് , എന്നാൽ ഇത് പരിഗണിക്കാതെ ഇനം 13 ൽ കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ്& കൺസോളിഡേറ്റിംഗ് പ്രവൃത്തിക്ക് 41.91M3 ന് @ 452.10/m3 നിരക്കിൽ മൂല്ല്യം അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം മൂല്ല്യ നിർണ്ണയം നടത്തിയതുവഴി 17895 രൂപയുടെ [18956.56 – 1061.56 (5.6%Tender deduction )]അധിക ചെലവുണ്ടായിട്ടുണ്ട്.കട്ട് എർത്ത് കുറവ് ചെയ്യാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

(കുറിപ്പ്- എൻക്വയറി (നം.2/25-11-2016)നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല)

## 3-2 സ്ലാബിന് അധിക നിരക്ക് നൽകി.

| | |
|---|---|
| പ്രവൃത്തി | കുറ്റങ്ങോട് കുളം റോഡിന് സൈഡ് സംരക്ഷണ പ്രവർത്തി |
| എഗ്രിമെന്റ് | 72/20-12-14 |
| കൺവീനർ | രമേശ് കൊമ്പൻ |
| എം- ബുക്ക് | 119/14-15 |
| വൗച്ചർ | 70/14-15& 95/15-16 ആകെ 200000 രൂപ |
| മൂല്ല്യ നിർണ്ണയ തുക | 200000 |

മൊത്തം 200000 രൂപക്ക് മൂല്ല്യ നിർണ്ണയവും അത്രയും തുക തന്നെ ചെലവഴിക്കുകയും ചെയ്തിരിക്കുന്ന മേൽ പ്രവൃത്തിയുടെ അഞ്ചാം ഇനം20mm മെറ്റലുപയോഗിച്ച് 1:1.5:3അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ച് സ്ളാബ് നിർമാണമാണ് ആയതിന് അനുവദനീയമായ/അനുവദിച്ച നിരക്കിന്റെ വിവരംചുവടെ കൊടുക്കുന്നു.

| | അനുവദനീയമായ നിരക്ക് | അനുവദിച്ചനിരക്ക് |
|---|---|---|
| 10dm3 1:1.5:3സിമന്റ് കോൺക്രീറ്റിന്റെ നിരക്ക് | 71.63 | 71.63 |
| 1 ഫോം പ്രവൃത്തിയുടെ നിരക്ക് | @5359 x75%=40.19 | @5359=53.59 |
| അനുവദനീയമായ/അനുവദിച്ച നിരക്ക് | 111.82/10dm3 | 125.22/10dm3 |

ആകെ 3378dm3 ന് ബില്ലിൽ തുക അനുവദിച്ചതിനാൽ 4527രൂപ [3378x(125.22-111.82)] അധിക ചെലവുണ്ടായിട്ടുണ്ട് ആയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ സാങ്കേതിക അനുമതി നൽകിയ ഉദ്യോഗസ്ഥന്റെ വീഴ്ചയായി കണക്കാക്കുന്നു.അധിക നിരക്ക് അനുവദിക്കാ നുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

( കുറിപ്പ്- എൻക്വയറി നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല)

## 3-3 ആശ്രയ രണ്ടാം ഘട്ടം; അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സമൂഹത്തിലെ ഏറ്റവും പിന്നുണ ആവശ്യമായ ജന വിഭാഗത്തിന് അതിജീവനത്തിന് ആവശ്യമായ

സൗകര്യങ്ങൾ നൽകുക എന്നതാണ് ആശ്രയ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട പ്രൊജക്ട് പ്രകാരം എല്ലാ ഗുണഭാക്താക്കൾക്കും നൽകാൻ ലക്ഷ്യമാക്കിയ ഭൗതിക സാഹചര്യങ്ങൾ നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ഭൗതിക സൗകര്യങ്ങളുടെ വിവരം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| വീടുവെക്കാൻ സ്ഥലം | 10 |
| വീട് | 59 |
| വീട് റിപ്പയർ | 30 |
| കക്കൂസ് | 87 |
| കുടിവെള്ളം | 92 |
| തൊഴിൽ സംരംഭം | -- |

ഒന്നാം ഘട്ട പ്രൊജക്ട് പ്രകാരം വിഭാവനം ചെയ്ത ഭൗതിക സൗകര്യങ്ങൾ ഗുണഭാക്താക്കൾക്ക് നൽകിയിട്ടുണ്ട്.

ഭൗതിക സൗകര്യങ്ങൾ നൽകുന്നതിൽ ഒന്നാം ഘട്ടം പ്രൊജക്ട് ലക്ഷ്യം കൈവരിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതിയുടെ രണ്ടാ ഘട്ട പ്രൊജക്ടിന്റെ അഗതി സർവ്വേ നടത്തുകയും മുൻഗണനാ പട്ടിക ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം നൽകുകയും ചെയ്തിട്ടിട്ടുണ്ട്. പ്രൊജക്ടിന്റെ തുടർ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

## 3-4 പാർട്ട് ബില്ലിൽ ടെണ്ടർ കുറവ് വരുത്തിയില്ല.

അസി.എഞ്ചിനിയർ നിർവഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് ബില്ലുകളുടെ പാർട്ട് ബില്ലുകൾ അനുവദിച്ചപ്പോൾ ടെണ്ടർ ഡിഡക്ഷൻ വരുത്തിയിട്ടില്ല. ഫൈനൽ ബില്ലുകൾ അനുവദിച്ചപ്പോൾ മൊത്തം മൂല്ല്യനിർണ്ണയ തുകയ്ക്കുള്ള ടെണ്ടർ ഡിഡക്ഷൻ വരുത്തിയിട്ടുണ്ടെങ്കിലും , പാർട്ട് ബില്ലുകളിൽ നിന്ന് ടെണ്ടർ ഡിഡക്ഷൻ വരുത്തുത്താത്തത് കരാറുക്കാരൻ കുറച്ച്കാലത്തേക്ക് അനർഹമായ തുക കൈവശം വയ്ക്കുന്നതിന് ഇടയാക്കുന്നു.

| പ്രവർത്തിയുടെ വിവരം | പാർട്ട് ബില്ലിന്റെ വിവരം<br>മൂല്ല്യനിർണ്ണയ തുക ബിൽ നമ്പർ | ഫൈനൽ ബില്ലിന്റെ വിവരം<br>ബിൽ തുക ബിൽ നമ്പർ |
|---|---|---|
| വീതനശ്ശേരി വടക്കേതല അംഗനവാടി കെട്ടിട നിർമ്മാണം<br>പ്രൊജക്ട് -165/16<br>കരാറുക്കാരൻ-പ്രസാദ്(0.05% കുറവ് )<br>എഗ്രിമെന്റ് -9/15-16 | 540173 65/13-1-16 | 913601 132/30-3-16 |
| മേലേനം അംഗനവാടി കെട്ടിട നിർമ്മാണം<br>പ്രൊജക്ട് -164/16<br>കരാറുക്കാരൻ-ടി. മുഹമ്മദ്(2.01% കുറവ് )<br>എഗ്രിമെന്റ് -7/15-16 | 465594 64/10-1-16 | 873744 131/31-3-16 |
| തിരുന്നേലി അംഗനവാടി കെട്ടിട | 493968 65/20-1-16 | 880232 |

| | | |
|---|---|---|
| നിർമ്മാണം<br>പ്രൊജക്ട് -163/16<br>കരാറുക്കാരൻ-ടി.പി. രവി( 5.6% കുറവ് )<br>എഗ്രിമെന്റ് -8/15-16 | | 96/28-3-16 |

ടെണ്ടർ ഡിഡക്ഷൻ വരുത്താത്തതിന് മതിയായ കാരണം ഹാജരാക്കേണ്ടതാണ്.

(കുറിപ്പ്- എൻക്വയറി നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല)

## 3-5 പൊതുമരാമത്ത് പ്രവൃത്തികൾ- നേരിടുന്ന പ്രശ്നങ്ങൾ

1. എഞ്ചിനിയറിംഗ് സ്റ്റാഫിന്റെ കുറവ്

2015-16 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 50.2ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 126 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി118 എണ്ണം നടപാക്കി. ഒരു അസി.എഞ്ചിനീയർ, 2 ഓവർസിയർ ഉൾപ്പെടുന്നതാണ്എൽ സി ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അംഗബലമെങ്കിലും ഒരു അസി.എഞ്ചിനീയർ, 1. ഓവർസിയർ

മാത്രമാണ് ഓഡിറ്റ് കാലയളവിൽ ഉണ്ടായിരുന്നത്. മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്നു.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

2.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതാമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലുംആയതിനായി പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

3.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവുവെന്ന് പദ്ധതി

മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നു. മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്ഇത് ചെയ്യുന്നത്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്. വീതി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത്. സബ് ബേസ് സൂങ്തനിംഗ് ഉറപ്പ് വരുത്തിയ ശേഷവും 1:2:4 കോൺക്രീറ്റിംഗ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമുള്ള 7.5 മീ. കനത്തിലും അധികം നിർവ്വഹിക്കുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങൾ ഒരുക്കി നിർമ്മാണത്തിനും മെയിന്റനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും മേൽ നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## 3-6 <u>ഗുണഭോക്തൃ സമിതി മുഖേന നിർവഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികൾ അപാകതകൾ</u>

1.മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല. .

2.പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.സമിതി രൂപീകരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ , ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദേശം മേൽ ചട്ടത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത്നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിലൊന്നും ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല. പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു

3.പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത സഹകരണ ബാങ്കിൽ/ഗ്രാമീണ ബാങ്കിൽ സമിതി ചെയർമാന്റെയും , കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിലൊന്നും ഇത്തരത്തിൽ അക്കൗണ്ട് തയ്യാറാക്കി കൂലി, മെറ്റീരിയൽസ് തുടങ്ങിയ ചെലവുകളൊന്നും ഇത്തരത്തിലുള്ള അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല.

4.പ്രവൃത്തിക്കുവേണ്ടി നിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, മേൽവിലാസം,അച്ചന്റെ പേര് , ഹാജർ വിവരം , വേതന നിരക്ക്, വേതനം എന്നീ വിവരങ്ങൾ ചേർക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ മസ്റ്റർ റോളുകളിലൊന്നും തന്നെ ഇത്തരത്തിലുള്ള വിവരങ്ങളൊന്നും ചേർത്തിട്ടില്ല എന്നുമാത്രമല്ല തൊഴിലാളികളുടെ ഒപ്പ് പോലും സംശയിക്കതക്കവിധത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്.

5.പ്രവൃത്തിക്ക് ആവശ്യമായ എല്ലാ നിർമാണ സാധനങ്ങളും ഗുണ .സമിതിയുടെ അംഗീകാരത്തിന് വിധേയമായി വാങ്ങേണ്ടതും ക്യാഷ് ബില്ലും രശീതിയും വാങ്ങിക്കേണ്ടതും ക്രമ നമ്പറിട്ട് സൂക്ഷിക്കേണ്ടതുമാണ്.സിമന്റ്. കമ്പി, സ്റ്റീൽ എന്നീ എന്നിവ അംഗീകൃത ഡീലറിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ.എന്നാൽ 90 % ബില്ലുകളും രശീതികളും വ്യക്തികളിൽ നിന്നുള്ളതാണ്

ഹാജരാക്കിയിട്ടുള്ളത്. സിമന്റിന്റെയും സ്റ്റീലിന്റെയും ബിറ്റുമിന്റെയും ബില്ലുകൾ അംഗീകൃത ഡീലർമാരിൽ നിന്നുള്ളത് ( ഫോറം 8 B പ്രകാരമുള്ളത്) ഹാജരാക്കിയിട്ടില്ല.ഇൻവോയ്സ് ബില്ലുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്

6.ജി.ഒ.( പി)-259 /2010 ത. സ്വ.ഭ.വ 8-11-2010 ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖപുറപ്പെടുവിക്കുകയും , തദ്ദേശ സ്വയഭരണ സ്ഥപനങ്ങളുടേയും, കൈമാറികിട്ടിയ സ്ഥപനങ്ങളിലെയും, പ്രവർത്തികൾ നിർവഹിക്കുമ്പോൾ മാർഗ്ഗ രേഖ പാലിക്കണമെന്ന് നിഷ്കർച്ചിട്ടുള്ളതുമാണ്.എന്നാൽ പഞ്ചായത്ത് നടപ്പാക്കിയ ഇത്തരം പ്രവ്യത്തികളിലെല്ലാം അടങ്കലിൽ ഉൾപെടുത്തിയ തുക പൊതുമരാമത്ത് നിരക്കെന്നപ്പോലെ കൺവീനർ ഹാജരാക്കുന്ന രശീതിയുടെ(സ്ഥാപനങ്ങൾ ടി സാധനങ്ങളുടെ അംഗീകൃത വിതരണക്കാരെന്ന് ഉറപ്പുവരുത്തിയിട്ടില്ല, ചില പ്രവർത്തികൾക്ക് പത്രപരസ്യം കൺവീനർ നൽകിയ പത്രപരസ്യം കാണുന്നു.) അടിസ്ഥാനത്തിൽ അംഗീകരിക്കുകയുമാണ്ചെയ്തിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പ്രൊക്യർമെന്റ് കമ്മിറ്റി രൂപീകരിക്കുകയോ കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെറ്റീരിയൽസ് വാങ്ങിയതായോ കാണുന്നില്ല, ഇക്കാര്യത്തിൽ ഏററവും കുറഞ്ഞ തുക യിൽ സാധനങ്ങൾ സംഭരിക്കുന്നതിനുള്ള യാതൊരുവിധ നടപടികളും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല..

7.ടാറിംഗ് പ്രവ്യത്തികൾക്ക് ഡീലർമാരിൽ നിന്നുള്ള ബിൽ ഹാജരാക്കണമെന്ന നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും കൺവീനർമാർ മുഖേനെ നടപ്പാക്കിയ ഒരു പ്രവർത്തിയിൽ പോലും ഡീലർമാരിൽ നിന്നുള്ള ബിൽ ഹാജരാക്കിയിട്ടില്ല, പകരം ചില പ്രവ്യത്തികളിൽ സിഡ്ക്കോയിൽ നിന്നുള്ള ഇൻവോയ്സ് ബിൽ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത് .

8.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവ്യത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

9.സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ ടാറിംഗ് പ്രവ്യത്തികൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് 2014 ലെ DSR നിരക്കിനെ അടിസ്ഥാനമാക്കിയാണെന്നും ടാറിന്റെ മാർക്കറ്റ് വില ഈ നിരക്കിനേക്കാൾ കുറവാണെന്നും കാണുന്നു. ഇതെ പ്രവ്യത്തികളുമായി ബന്ധപ്പെട്ട ചെലവ് കണക്ക് തയ്യാറാക്കിയപ്പോൾ സമിതികൾ ടാർ ലഭ്യമായതിന്റെ യഥാർത്ഥ ചെലവ് ഉൾപ്പെടുത്തുന്നുണ്ടെങ്കിലും മൊത്തം ചെലവ് മൂല്യനിർണ്ണയതുകയിൽ അധികരിക്കുന്ന രീതിയിൽ തൊഴിലാളികളുടെ കൂലി, മറ്റുള്ള മെറ്റീരിയലുകൾ വാങ്ങിയതിന്റെ ചെലവ് അധികമായി ഉൾപ്പെടുത്തുന്നുണ്ട്. . മരാമത്ത് പ്രവ്യത്തികളുടെ ചെലവ് അനുവദിക്കുമ്പോൾ ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവുകളുടെ കൃത്യത ബന്ധപ്പെട്ട ബിൽ, മസ്റ്റർറോൾ സഹിതം സൂക്ഷമപരിശോധന നടത്തേണ്ടതാണ്.

## 3-7 എസ്.സി വിദ്യാർഥികൾക്ക് പഠനമുറി.

എസ്.സി.പി ഫണ്ട് ഏഴ് ലക്ഷം വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്ത് നടപ്പാക്കിയതാണ് 171/16 നമ്പറായുള്ള ഈ പ്രോജക്റ്റ്.പദ്ധതി മാർഗ്ഗ നിർദേശപ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, സൈറ്റ് സന്ദർശിച്ച് എസ്റ്റിമേറ്റ് അനുസരിച്ച് മൂല്യനിർണയം നടത്തുകയോ ചെയ്തില്ല. മോണിറ്ററിങ്ങിലെ പിഴവുകൾ മൂലം പ്രോജക്റ്റ് ലക്ഷ്യം നേടാനായില്ല എന്നും പഞ്ചായത്തിന് അധിക ചെലവ് വന്നതായും പ്രകടമാവുന്നു.

പ്രോജക്റ്റ് നിർവഹണത്തിനായി ബിൽ 04/29.03. 2016 പ്രകാരം അഞ്ച് ലക്ഷം രൂപയും , ബിൽ 05/31.03.2016 പ്രകാരം രണ്ട് ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 10.02.2016 ലെ 2.4 തീരുമാനത്തിന്റെയും തുടർന്ന് പുറപ്പെടുവിച്ച GO(Rt)626/2016/Lsgd/ Dtd 15.02.216 ഉത്തരവിന്റെയും

അടിസ്ഥാനത്തിൽ ഭേദഗതി പ്രോജക്ടായിട്ടാണ് , അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തുന്ന ഈ പ്രോജക്ട് തയ്യാറാക്കുന്നത്. എസ്.സി.പി ഫണ്ട് ഏഴ് ലക്ഷം വകയിരുത്തിയ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യം ഏഴ് വിദ്യാർഥികൾക്ക് നിലവിലെ വീടിനോട് ചേർന്ന് പുതിയ പഠനമുറി നിർമിക്കുന്നതിന് ധനസഹായം നൽകുകയും അത് വഴി അവരുടെ പഠന നിലവാരം ഉയർത്തുകയും ചെയ്യുക എന്നതാണ്.

പ്രോജക്ടിന്റെ ഭാഗമായി ഏഴ് ഗുണഭോക്താക്കൾക്ക് ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.എന്നാൽ പ്രോജക്ടിന്റെ രൂപീകരണത്തിലും, നിർവഹണത്തിലും, മോണിറ്ററിങ്ങിലും പിഴവുകൾ വന്നതായി വ്യക്തമാവുന്നു.പ്രോജക്ട് ഫയലിലും , ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സൈറ്റ് പരിശോധനയിലും ഈ പിഴവുകൾ പ്രകടമാവുന്നു.

1-പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം പ്രോജക്ടിന്റെ ഭാഗമായി നിർവഹിക്കുന്ന പഠനമുറിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും എഞ്ചിനീയർ മെഷർമെന്റ് എടുക്കുകയും ചെയ്യേണ്ടതാണ് എന്ന് നിർദേശിക്കുന്നുണ്ട്. പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാഥമികമായി നിർവഹിക്കേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് പ്രോജക്ട് നിർവഹിച്ചത് എന്ന് വ്യക്തമാവുന്നു.ഏഴ് ഗുണഭോക്താക്കളുടെയും ഫയലിൽ എസ്റ്റിമേറ്റ് ഉള്ളടക്കം ചെയ്തിട്ടില്ല.

2-പ്രൊജക്ടിന്റെ ഭാഗമായി ധനസഹായം ലഭിച്ച നാല് വീടുകൾ ഓഡിറ്റ് അംഗങ്ങൾ പഞ്ചായത്ത് ഓവർസിയറുടെ സാനിദ്ധ്യത്തിൽ സന്ദർശിച്ചു. എന്നാൽ വ്യക്തമായ എസ്റ്റിമേറ്റോ,മാർഗ നിർദേശമോ നൽകാൻ നിർവഹണ ഉദ്യോഗസ്ഥന് കഴിഞ്ഞില്ല എന്ന് സൈറ്റ് പരിശോധനയിൽ വ്യക്തമാവുന്നു. അനാരോഗ്യകരമായ ആസ്ബറ്റോസ് ഷീറ്റ് ഉപയോഗിച്ചാണ് മുറികളുടെ മേൽക്കൂര നിർമിച്ചിട്ടുള്ളത്.

3-ഇപ്രകാരം നിർമിക്കുന്ന വീടിന്ന് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണം ഉണ്ടായിരിക്കണം എന്ന് മേൽ സർക്കാർ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഓഡിറ്റ് ടീം സന്ദർശിച്ചവയിൽ ഒരെണ്ണത്തിന് മാത്രമാണ് ഇപ്രകാരമുള്ള വലുപ്പമുള്ളു എന്ന് ബോധ്യമായി.

4-എഞ്ചിനീയറുടെ മെഷർമെന്റ് അടിസ്ഥാനമാക്കി ഒരു ഗുണഭോക്താവിന്ന് പരമാവധി ഒരു ലക്ഷം രൂപ അനുവദിക്കാവുന്നതാണ് എന്നാണ് സർക്കാർ നിർദേശം. എന്നാൽ നിർമാണ പ്രവർത്തിയുടെ സൈറ്റ് സന്ദർശിച്ച് എസ്റ്റിമേറ്റ് ഇനമനുസരിച്ച് മൂല്യനിർണ്ണയം നടത്താതെ എല്ലാ വീടുകൾക്കും ഒരു ലക്ഷം രൂപയിൽ അധികരിച്ച വാല്യേഷൻ നൽകി എല്ലാ ഗുണഭോക്താക്കൾക്കും ഒരു ലക്ഷം രൂപ വീതം നൽകിയതായി കാണുന്നു. ഈ വീടുകളിൽ ഒന്നിന് പോലും സാങ്കേതികമായി 50000 രൂപയിൽ അധികരിച്ച് മൂല്യനിർണയം അനുവദിക്കാൻ അർഹതയില്ല എന്ന് വ്യക്തമാണ്.മാത്രമല്ല മുറിയുടെ ഫ്ലോറിംഗ് , ജനൽ, വാതിൽ, വൈദ്യുതീകരണം, പെയിന്റിംഗ് എന്നിവ പൂർത്തിയാക്കാതെയുമാണ് 1.05 ലക്ഷം രൂപയ്ക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളത്. ഓവർസിയർ ബാബു, അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രീഷ്മ എന്നിവർ മൂല്യനിർണ്ണയം നടത്തിയതായാണ് വ്യക്തിഗത അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

5-സൈറ്റ് പരിശോധന നടത്തിയ വീടുകളിൽ , പഠനമുറി നിർമാണം പൂർത്തിയാക്കിയിട്ടുള്ളത് ഒരു ഗുണഭോക്താവ് മാത്രമാണ്.ഈ റൂം ആസ്ബറ്റോസ് ഷീറ്റ് കൊണ്ടാണ് നിർമിച്ചിട്ടുള്ളത്.

ഓഡിറ്റിന്റെ ഭാഗമായി പഞ്ചായത്ത് ഓവർസിയറുടെ സാനിദ്ധ്യത്തിൽ സൈറ്റ് സന്ദർശിച്ച്, പഞ്ചായത്തിൽ നിന്ന് ധനസഹായം ലഭിച്ച നാല് ഗുണഭോക്താക്കളുടെ നിർമാണ പുരോഗതി താഴെ കൊടുക്കുന്നു.

1.ലക്ഷ്മി കരിഞ്ചില

അടുക്കളയോട് ചേർന്ന് ഓടിട്ട ഒരു മുറി ഉണ്ടാക്കിയിട്ടുണ്ട്.പട്ടിക 8mm കമ്പി ഉപയോഗിച്ചാണ്. നിലത്ത് കാവി ഉപയോഗിച്ചിട്ടുണ്ട്.80 Sq Ft ൽ കൂടുതൽ വലുപ്പമില്ല.അസിസ്റ്റന്റ് എഞ്ചിനീയർ 1.05 ലക്ഷം രൂപയുടെ മൂല്യനിർണയം നടത്തിയിട്ടുണ്ട്.പ്രസിഡന്റ് ,വാർഡ് മെമ്പർ മുജീബ് റഹ്മാൻ എന്നിവർ ഉൾപ്പെടെ നാല് പേർ മോണിറ്ററിങ്ങ് നടത്തിയതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ മൂല്യനിർണയം വസ്തുതാപരമല്ല എന്ന് വ്യക്തമാവുന്നു.

2.ശാന്ത നെച്ചിക്കോടൻ

അടുക്കളയോട് ചേർന്ന് ഓടിട്ട ഒരു മുറി ഉണ്ടാക്കിയിട്ടുണ്ട്.പട്ടിക, കഴുക്കോൽ എന്നിവ പൈപ്പ് ഉപയോഗിച്ചാണ് .84 Sq Ft വലുപ്പമുണ്ട്. പ്രവർത്തി പൂർത്തിയായിട്ടില്ല. അകത്ത് പ്ലാസ്റ്ററിങ്ങ് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ 1.05 ലക്ഷം രൂപയുടെ മൂല്യനിർണയം നടത്തിയിട്ടുണ്ട്.പ്രസിഡന്റ് ,വാർഡ് മെമ്പർ മുജീബ് റഹ്മാൻ എന്നിവർ ഉൾപ്പെടെ നാല് പേർ മോണിറ്ററിങ്ങ് നടത്തിയതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ മൂല്യനിർണയം വസ്തുതാപരമല്ല എന്ന് വ്യക്തമാവുന്നു.ഫ്ലോറിങ്ങ് പ്രവർത്തി ചെയ്തിട്ടില്ല.

3.സുമതി മച്ചാടൻ

ആസ്ബറ്റോസ് ഷീറ്റ് ഉപയോഗിച്ച് ഒരു മുറി ഉണ്ടാക്കിയിട്ടുണ്ട്. നിലത്ത് ടൈൽ ഉപയോഗിച്ചിട്ടുണ്ട്.80 Sq Ft ൽ കൂടുതൽ വലുപ്പമില്ല.അസിസ്റ്റന്റ് എഞ്ചിനീയർ 1.1 ലക്ഷം രൂപയുടെ മൂല്യനിർണയം നടത്തിയിട്ടുണ്ട്.പ്രസിഡന്റ് ,വാർഡ് മെമ്പർ മഞ്ജുഷ എന്നിവർ ഉൾപ്പെടെ അഞ്ച് പേർ മോണിറ്ററിങ്ങ് നടത്തിയതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ മൂല്യനിർണയം വസ്തുതാപരമല്ല എന്ന് വ്യക്തമാവുന്നു.പഠനമുറിയുടെ നിർമാണം പൂർത്തിയാക്കിയിട്ടുണ്ട്.മുൻവർഷം പഞ്ചായത്തിൽ നിന്ന് തന്നെ നൽകിയ പഠനോപകരണങ്ങളും റൂമിൽ ഉണ്ട്.

4.ശാന്ത മഠത്തിൽ

ടെറസ്സിൽ കോണിക്കൂടിന് സമാന്തരമായി ആസ്ബറ്റോസ് ഷീറ്റ് ഉപയോഗിച്ച് ഒരു മുറി ഉണ്ടാക്കിയിട്ടുണ്ട്..120 Sq Ft ൽ കൂടുതൽ വലിപ്പമുണ്ട്.അസിസ്റ്റന്റ് എഞ്ചിനീയർ 1.1 ലക്ഷം രൂപയുടെ മൂല്യനിർണയം നടത്തിയിട്ടുണ്ട്.പ്രസിഡന്റ് ,വാർഡ് മെമ്പർ നളിനി എന്നിവർ ഉൾപ്പെടെ നാല് പേർ മോണിറ്ററിങ്ങ് നടത്തിയതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ മൂല്യനിർണയം വസ്തുതാപരമല്ല എന്ന് വ്യക്തമാവുന്നു.റൂം പ്ലാസ്റ്ററിങ്ങ്, ഫ്‌ളോറിങ്ങ് നടത്തുകയോ, വൈദ്യുതീകരിക്കുകയോ ചെയ്തിട്ടില്ല.റൂം പഠന ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നുമില്ല.

സർക്കാർ നിർദേശം പാലിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, വസ്തുതാപരമായി മൂല്യനിർണയം നടത്തുകയോ ചെയ്യാതിരുന്നത് പ്രോജക്ട് നിർവഹണത്തിലെ പിഴവായി വിലയിരുത്തുന്നു.തെറ്റായ മൂല്യനിർണയം നടത്തിയത് പഞ്ചായത്ത് ഫണ്ട് ദുരുപയോഗം ചെയ്യുന്നതിന് ഇടയാക്കി എന്നും വ്യക്തമാവുന്നു.

പ്രോജക്ട് ലക്ഷ്യം കൈവരിക്കാതിരുന്നതും അർഹമായതിൽ കൂടുതൽ തുക അനുവദിച്ചതും പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-8 ഐ.എ.വൈ വിഹിതം അധികം അടവാക്കി.

2015-16 വർഷം പോരൂർ ഗ്രാമ പഞ്ചായത്തിന് IAY പദ്ധതിയിൽ 112 വീടുകളാണ് അനുവദിക്കപ്പെട്ടത്.ഇതിൽ 35 എസ്.സി വീടുകളും , 18 ജനറൽ വീടുകളുമാണ്.പഞ്ചായത്ത് വിഹിതം അടവാക്കുന്നതിനായി താഴെ പറയുന്ന പ്രകാരം തുക ചെലവഴിക്കുന്നുണ്ട്.

| പ്രോജക്ട് | തുക |
|---|---|
| 03/16 | 1984000 |
| 135/16 | 2788000 |
| ആകെ | 4772000 |

-ഇപ്രകാരം ബ്ലോക്കിൽ അടവാക്കിയ തുക ബ്ലോക്കിൽ IAY അകൗണ്ടിൽ വരവ് ചേർത്തതിന്റെ വിശദ വിവരം പരിശോധിച്ച് അറിയിക്കേണ്ടതാണ്.

-ഇപ്രകാരം നൽകിയ തുകയിൽ എത്ര രൂപ വിനിയോഗിച്ചു എന്നും , എത്ര ഗുണഭോക്താക്കൾക്കാണ് പ്രോജക്ടിന്റെ ആനുകൂല്യം അനുവദിച്ചത് എന്നും, ഇനിയും വിനിയോഗിക്കാത്ത തുക എത്രയെന്നും വ്യക്തമാക്കേണ്ടതാണ്.

-ടാർജറ്റ് റിവൈസ് ചെയ്ത് ആകെ എണ്ണം 112 ആയി ഉയർത്തുകയുണ്ടായി.ഇതിൽ 35എസ്.സി വീടുകളും, 18

ജനറൽ വീടുകളും, 59 ന്യൂനപക്ഷ വീടുകളും ആണ് ഉൾപ്പെടുന്നത്.ഇപ്രകാരം ടാർജറ്റ് പുനർനിർണയിച്ചതിൽ മുഴുവൻ ഗുണഭോക്താക്കളും കരാർ വെക്കുകയും ആദ്യ ഇൻസ്റ്റാൾമെന്റ് തുക നൽകുകയും ചെയ്തു. ഇതിൽ 13എസ്.സി വീടുകളും, 13 ജനറൽ വീടുകളും, 54 ന്യൂനപക്ഷ വീടുകളും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.അവശേഷിച്ചവർ നിർമാണ പ്രവർത്തി പൂർത്തിയാക്കി വരുന്നു. 22എസ്.സി വീടുകളും, 05 ജനറൽ വീടുകളും, 05 ന്യൂനപക്ഷ വീടുകളും ഉൾപ്പെടുന്നു. ഇതിൽ നാല് എസ്.സി.ഗുണഭോക്താക്കൾ പ്രാഥമിക ഗഡു വാങ്ങിയ ശേഷവും ഭവന നിർമാണ പ്രവർത്തി ആരംഭിച്ചിട്ടില്ല എന്ന് വി.ഇ.ഒ റിപ്പോർട്ട് ചെയ്യുന്നു.ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു

1-സുനിത ശങ്കരൻ

2-സുലോജന ബാലൻ

3-രമ രാജൻ

4-സുശീല സുബ്രഹ്മണ്യൻ

വണ്ടൂർ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ A5/4171/14 തി.3.7.15 കത്തിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമ പഞ്ചായത്ത് അടവാക്കേണ്ട തുക ഇപ്രകാരമാണ്.

| വീടുകളുടെ എണ്ണം | അടവാക്കേണ്ട തുക | തുക |
|---|---|---|
| 56 | 20000-പഞ്ചായത്ത് വിഹിതം | 1120000 |
| 56 | 52500ബ്ളേക്ക് വിഹിതം ഉൾപ്പെടെ | 2912000 |
| | ആകെ | 4032000 |

എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം മുകളിൽ പരാമർശിച്ച പ്രകാരം 47.72 ലക്ഷം രൂപ അടവാക്കിയിട്ടുണ്ട്. 740000 രൂപ അധികം അടവാക്കിയത് തിരികെ ഈടാക്കേണ്ടതും കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. അതുവരെ അധികം ചെലവു ചെയ്ത തുക തടസ്സം ചെയ്യുന്നു.

## 3-9 ഡെപ്പോസിറ്റ് റീഫണ്ട് - രേഖ ഉള്ളടക്കം ചെയ്തില്ല

വൗച്ചർ 663,664, 665/05.01.2016 എന്നിവ പ്രകാരം വി.എം.ഫൈസൽ എന്ന കരാറുകാരൻ വിവിധ പ്രവർത്തികളുടെ ഭാഗമായി പഞ്ചായത്തിൽ അടവാക്കിയ EMD, FD എന്നിവ തിരിച്ച് നൽകുന്നുണ്ട്.പരാമർശിത വൗച്ചറിൽ ഇപ്രകാരം 33750 രൂപ കരാറുകാരന് തിരിച്ച് നൽകുന്നുണ്ട്. എന്നാൽ 20894/82/13.11.2013 രസീത് പ്രകാരം കരാറുകരൻ ഇ.എം.ഡി ഇനത്തിൽ അടവാക്കിയ 5000 രൂപയുടെ രസീത് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുത്തി , അംഗീകൃത തുകയുടെ മുദ്രപത്രം ഹാജരാക്കി പഞ്ചായത്തുമായി കരാർ വെക്കുകയും ചെയ്തിട്ടില്ല.

വ്യക്തമായ രേഖയുടെ പിൻബലമില്ലാതെ ഡെപ്പോസിറ്റ് തുക തിരിച്ച് നൽകിയ നടപടി അംഗീകരിക്കുന്നില്ല.ചെലവ് തുക തടസം ചെയ്യുന്നു.

## 3-10 ലേലം ചെയ്ത വാഹനം - ലേലക്കാരന് നൽകാനായില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള , കാർഷിക ആവശ്യങ്ങൾക്കായി പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ച് വാങ്ങിയ KL10-H 9301നമ്പർ ട്രാക്ടർ വർഷങ്ങളായി ഉപയോഗപ്പെടുത്തുന്നില്ല എന്ന് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.പ്രസ്തുത ട്രാക്ടർ ലേലം ചെയ്ത് ഒഴിവാക്കുന്നതിനായി തീരുമാനിക്കുകയും ലേലം ചെയ്ത് ഒഴിവാക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്.നൗഷാദ് പാലപറ്റ എന്ന വ്യക്തി പ്രസ്തുത ട്രാക്ടർ 65627 രൂപക്ക് 24.08.2015 ൽ ലേലം ചെയ്ത് എടുക്കുകയും രണ്ട് തവണയായി ലേല തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുകയും ചെയ്യുന്നുണ്ട്.

എന്നാൽ ട്രാക്ടറിന്റെ രേഖകൾ കൈമാറുകയോ , ബാധ്യത തീർക്കുകയോ ചെയ്യാതെയാണ് ലേല നടപടികൾ

സ്വീകരിച്ചത് എന്ന് വ്യക്തമാവുന്നു. തുക അടവാക്കി ഏഴ് മാസം കഴിഞ്ഞിട്ടും ട്രാക്ടർ കൈമാറാൻ കഴിയാതിരുന്നത് വീഴ്ച്ചയായി കാണുന്നു. വൗച്ചർ 883/19.03.2016 പ്രകാരം ലേലക്കാരൻ അടവാക്കിയ തുക തിരികെ നൽകുകയും ചെയ്യുന്നുണ്ട്.

ദീർഘവീക്ഷണമില്ലാതെ ട്രാക്ടർ വാങ്ങുകയും , ദീർഘകാലം ഉപയോഗപ്പെടുത്താതെയും , കൃത്യമായി പരിപാലിക്കുകയും ചെയ്യാതെ ഉപേക്ഷിക്കുകയും ചെയ്ത ട്രാക്ടർ ലേലം ചെയ്ത് ഒഴിവാക്കാൻ പോലും പര്യാപ്തമല്ലാതാക്കിയ ഭരണസമിതിയും , പഞ്ചായത്ത് സെക്രട്ടറിമാരും കൃത്യനിർവഹണത്തിൽ വീഴ്ച്ച വരുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-11 വാർഡ് സാനിറ്റേഷൻ - ചെലവ് രേഖകൾ വസ്തുതാപരമല്ല

ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള പതിനേഴ് വാർഡുകളിൽ സാനിറ്റേഷൻ പ്രവർത്തികൾക്കായി മെഡിക്കൽ ഓഫീസർ ഓരോ വാർഡിനും പതിനായിരം രൂപ വീതം നൽകി. ഈ തുക വാർഡ് സാനിറ്റേഷൻ സമിതിയുടെ ബാങ്ക് അകൗണ്ടിൽ 16,07.2015 ന് വരവ് വന്നതായും കാണുന്നു. വാർഡ് സാനിറ്റേഷൻ പ്രവർത്തനങ്ങൾ എങ്ങിനെ ആസൂത്രണം ചെയ്യണം, എന്തെല്ലാം മുന്നൊരുക്കൾ നടത്തണം , എപ്രകാരം പ്രവർത്തനങ്ങൾ നടത്തുകയും ഏകോപിപ്പിക്കുകയും ചെയ്യണം എന്ന് വ്യക്തമാക്കികൊണ്ട് പുറപ്പെടുവിച്ച 178649/DC1 /2015/Lsgd Dtd 23.04.2015 സർക്കുലറിലെ നിർദേശങ്ങൾ പരിഗണിക്കുകയോ പാലിക്കുകയോ ചെയ്യാതെയാണ് ഫണ്ട് വിനിയോഗിക്കുന്നത് എന്ന് കാണുന്നു.

പ്രീ മൺസൂൺ ആരോഗ്യ സംരക്ഷണ പ്രവർത്തിയായി ഗ്രാമ പഞ്ചായത്തിൽ മുഖ്യമായും ഓരോ വാർഡിലെയും കിണറുകളിൽ തുടർച്ചയായി ക്ലോറിനേഷൻ നടത്തുകയാണ് ചെയ്തത് എന്ന് ഫയലുകളിൽ നിന്ന് വ്യക്തമാവുന്നു. ഫയലിൽ രേഖപ്പെടുത്തിയ കിണറുകളുടെ എണ്ണത്തിന്റെ ആധികാരികത സംശയമാണ്.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ഏതാനും വാർഡുകളിൽ ചെയ്ത പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് | ചെയ്ത പ്രവർത്തി | നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| 2 | 10,11,12,01,02,03, മാസങ്ങളിലായി 1597 കിണറുകളിൽ (തവണ) ക്ലോറിനൈസേഷൻ നടത്തിയത് | ഓരോ കിണറിനും 5 രൂപ നിരക്കിൽ | ഒരു മാസം ശരാശരി 266 വീടുകളിൽ ക്ലോറിനൈസ് ചെയ്യുന്നു.22.08.2016 ൽ 14204 രൂപ അകൗണ്ടിൽ അവശേഷിക്കുന്നു. |
| 3 | ചെറുകോട് അംഗനവാടി കുളം ശുചീകരണം.(5000 രൂപ)<br>465 കിണറുകൾ ക്ലോറിനൈസ് | ഓരോ കിണറിനും 5 രൂപ നിരക്കിൽ | 31.08.2015 ൽ 21944 രൂപ അകൗണ്ടിൽ അവശേഷിക്കുന്നു. |
| 12 | 6,7,8,9 മാസങ്ങളിലായി 3166 കിണറുകളിൽ ക്ലോറിനൈസേഷൻ | ഓരോ കിണറിനും 3 രൂപ നിരക്കിൽ | വൗച്ചറുകളിലെ രേഖപ്പെടുത്തൽ സംശയാസ്പദമാണ്. 30.11.2015 ന് ശേഷം പാസ്സ് ബുക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല. |

എല്ലാ വാർഡുകളിലും ഇപ്രകാരമാണ് സാനിറ്റേഷൻ പ്രവർത്തനങ്ങൾ നടക്കുന്നത് എന്ന് ചെലവ് വൗച്ചറുകൾ വ്യക്തമാക്കുന്നു.ഈ ചെലവുകൾ പരാമർശിത സർക്കാർ ഉത്തരവ് പ്രകാരമുള്ള അധികാരപ്പെടുത്തലുകൾ നടത്തുന്നില്ല എന്നും കാണുന്നു.

വാർഡ് സമിതിയുടെ ബാങ്ക് പാസ്സ് ബുക്ക് അപ്ഡേറ്റ് ചെയ്തിട്ടും ഇല്ല എന്ന് കാണുന്നു.178649/DC1/2015/Lsgd Dtd 23.04.2015 സർക്കുലറിലെ നിർദേശങ്ങൾ കൃത്യമായി പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-12 പ്രോജക്ട് പ്രകാരം വാങ്ങിയ മരുന്ന് പ്രയോജനപെടുത്തിയില്ല

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനാണ് 102/16 പ്രോജക്ട്.മെയിന്റനൻസ് നോൺ റോഡ് ഫണ്ട് ഒരു ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ട് നിർവഹണം നടത്തുന്നത് ഹോമിയോ മെഡിക്കൽ ഓഫീസറാണ്.ബിൽ 01/19.03.2016 പ്രകാരം തുക പിൻവലിച്ച് സപ്ളെയർക്ക് നൽകുന്നുണ്ട്. മെഡിക്കൽ ഓഫീസറുടെ ഇൻഡന്റ് പ്രകാരം ആലപ്പുഴയിലെ കേരള ഹോമിയോപതിക്ക് കോ ഓപ്പറേറ്റിവ് ഫാർമസിയിൽ നിന്നാണ് മരുന്ന് വാങ്ങുന്നത്.ഇപ്രകാരം 73 ഇനം മരുന്നുകൾ വാങ്ങുന്നുണ്ട്.

ശരാശരി 200രോഗികൾ മാത്രമാണ് ഒരു ആഴ്ച്ചയിൽ ഉള്ളത്.മെഡിക്കൽ ഓഫീസർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചു.സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഓഡിറ്റ് തിയ്യതിവരെ ഒരു മരുന്ന് പോലും ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു.മാത്രമല്ല, മുൻവർഷം വാങ്ങിയ മരുന്നുകൾ പോലും പൂർണമായി വിതരണം ചെയ്തിട്ടില്ല എന്നും വ്യക്തമാവുന്നു.

വ്യക്തമായ ആസൂത്രണവും , രോഗികളുടെ ആവശ്യകതയും പരിശോധിച്ചല്ല മരുന്നുകൾക്ക് ഓർഡർ നൽകിയത് എന്ന് കാണുന്നു. വാങ്ങിയ മരുന്നുകൾ ഉപയോഗിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 3-13 പരിരക്ഷ- മരുന്നുകൾ പൂർണമായി ലഭ്യമായില്ല

പരിരക്ഷാ പ്രവർത്തനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിനായിട്ടാണ് 133/16 പ്രോജക്ട്. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഒരു ലക്ഷം വകയിരുത്തിയ പ്രോജക്ട് മെഡിക്കൽ ഓഫീസറാണ് നിർവഹണം നടത്തുന്നത്.ബിൽ 03/28.12.2015 പ്രകാരം തുക മുൻകൂറായി കേരള മെഡിക്കൽ സർവീസസ് കോർപറേഷന് നൽകുന്നുണ്ട്.മെഡിക്കൽ ഓഫീസർ ഹാജരാക്കിയ രേഖകൾ പ്രകാരം , ആറ് ഇൻവോയ്സുകളിലായി 91456 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത് എന്ന് കാണുന്നു.

8544 രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട് എന്ന് കാണുന്നു.അവശേഷിച്ച മരുന്നുകൾ ലഭ്യമായ വിവരം അറിയിക്കേണ്ടതാണ്.

## 3-14 ഭവന നിർമാണം പ്രോജക്ട്- അവലോകനം

പോരൂർ ഗ്രാമ പഞ്ചായത്ത് വി.ഇ.ഒ നിർവഹണം നടത്തിയ ബഹു വർഷ പ്രോജക്ടിന്റെ ഭാഗമായി രണ്ട് ഭവന നിർമാണ പ്രോജക്ടുകൾ ഉണ്ട്. 05/16 പ്രോജക്ടിൽ ജനറൽ വിഭാഗത്തിന് 41 വീടുകളും 141/16 പ്രോജക്ടിൽ വനിതാ ഭവന നിർമാണത്തിന് 13 വീടുകളും നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കി.പ്രോജക്ട് ചെലവ് വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | തുക |
|---|---|
| 05/16 | 4040000 |
| 141/16 | 1525000 |
| ആകെ | 5565000 |

-ഇതിൽ ജനറൽ വിഭാഗത്തിലെ 40 വീടുകളും പൂർത്തിയായിട്ടുണ്ട്.

-പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ പഞ്ചായത്തിന് വലിയ മുന്നേറ്റം ഉണ്ടായിട്ടുണ്ട്.53 ഗുണഭോക്താക്കൾക്ക് ലക്ഷ്യം കൈവരിക്കാനായത് നേട്ടമായി കാണുന്നു.

-പുഷ്പിണി w/o സത്യൻ എന്ന ഗുണഭോക്താവിന്റെ ഭവന നിർമാണം പുരോഗമിക്കുന്നില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. 120000 രൂപ ഈ ഗുണഭോക്താവ് കൈപറ്റിയിട്ടുണ്ട്.അവസാനമായി ധനസഹായം വാങ്ങുന്നത് 17.07.2015 നാണ്.ഒരു വർഷമായിട്ടും പുരോഗതിയില്ല എന്ന് വ്യക്തമാവുന്നു. മേൽ ഗുണഭോക്താവ്

ഭവന നിർമാണ പ്രവർത്തി പൂർത്തിയാക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-15 തിരിച്ചടവാക്കിയ TSP ഫണ്ട്- ചെല്ലാൻ ഇല്ല

ഗ്രാമ പഞ്ചായത്തിൽ എസ്.ടി വിഭാഗത്തിൽ പെടുന്നവർ ഇല്ല.തൽവർഷം പഞ്ചായത്തിന് ലഭ്യമായ TSP ഫണ്ട് തിരിച്ചടവാക്കുന്നതിനായി 172/16 പ്രോജക്ട് വെച്ചിട്ടുണ്ട്.ഇപ്രകാരം അനുവദിക്കപ്പെട്ട അലോട്ട്മെന്റ് 962/30.03.2016 വൗച്ചർ പ്രകാരം ട്രഷറിയിൽ തിരിച്ചടവാക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വൗച്ചറിന്റെ കൂടെ തിരിച്ചടവാക്കിയ 9000 രൂപയുടെ ചെല്ലാൻ ഉള്ളടക്കം ചെയ്തിട്ടില്ല. ചെലാൻ പരിശോധനക്ക് ഹാജരാക്കുന്നതുവരെ ചെലവു തുക തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

4-4. വായ്പ/ വായ്പ തിരിച്ചടവ്.

ഇല്ല.

4-5. സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

4-6. ഓഡിറ്റ് റിക്കവറി.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | പണം അടവാക്കിയ വ്യക്തി |
|---|---|---|---|
| 2011-12 & 2012-13 | 3-15 | 11300 | പാർവതി, വി.ഇ.ഒ |
| 2011-12 & 2012-13 | 3-15 | 6800 | പാർവതി, വി.ഇ.ഒ |
| 2013-14 & 2014-15 | 2-1,2 | 880 | ഹുസൈൻ ഇ കെ |
| 2013-14 & 2014-15 | 2-4 | 1500 | വിനയൻ എച്ച്.എം |
| 2013-14 & 2014-15 | 2-4 | 2640 | അബ്ദുൽ നാസർ |
| 2013-14 & 2014-15 | 2-4 | 2904 | സവാഫ്.കെ.ജെ |
| 2013-14 & 2014-15 | 2-6 | 4000 | അബ്ദുൽ നാസർ |
| 2013-14 & 2014-15 | 3-1-1 | 3341 | കുഞ്ഞിമുഹമ്മദ് |
| 2013-14 & 2014-15 | 3-1-2 | 3376 | അനീസുദ്ധീൻ |
| 2013-14 & 2014-15 | 3-4-1 | 4809 | ശങ്കരൻ |
| 2013-14 & 2014-15 | 3-4-2 | 1346 | മുഹമ്മദ് |
| 2013-14 & 2014-15 | 3-4-3 | 8035 | ചന്ദ്രൻ |

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

4-8. ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41914848 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53180994 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22,422 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 754000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 17895 | ഗ്രീഷ്മ.ജി.ആർ, അസി.എൻജിനീയർ |
| 3-2 | -- | 4527 | ഗ്രീഷ്മ.ജി.ആർ, അസി.എൻജിനീയർ |
| ആകെ | | 22,422 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 740000 | മുരളീധരൻ.എം,സെക്രട്ടറി |
| 3-9 | 5000 | മുരളീധരൻ.എം,സെക്രട്ടറി |
| 3-15 | 9000 | മുരളീധരൻ.എം,സെക്രട്ടറി |
| ആകെ | 754000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| ഗ്രീഷ്മ.ജി.ആർ,<br>അസി.എൻജിനീയർ | അസി.എൻജിനീയർ,<br>കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത് | ജെഷ്മി ക്വാർട്ടേഴ്സ്,<br>ചെറുകോട്,<br>മലപ്പുറം. |

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99<br>199-00 | LFM.6/1392/04- 14.02.2011 | 29 | |
| 2000-01<br>2001-02 | LFM.6/811/04- 17.11.2004 | 08 | |
| 1998-99 | LFM.6/1617/06- 14.02.2011 | 09 | |
| 1999-00 | LFM.6/1618/06- 14.02.2011 | 05 | |
| 2000-01 | LFM.6/1619 /06-14.02.2011 | 03 | |
| 2001-02 | LFM.6/1681/06- 14.02.2011 | 09 | |
| 2002-03 | LFM.6/1837/04- 14.02.2011 | 15 | |
| 2003-04 | LFM.6/1832/04 -14.02.2011 | 22 | |
| 2004-05 | LFM.6/94/07- 14.02.2011 | | |
| 2005-06 | LFM.6/269/09- 08.10.2009 | 23 | |
| 2006-07 | LFM.6/1653/09- 12.06.2012 | 29 | |
| 2007-08 | LFM.6/848/10- 18.11.2010 | 21 | |
| 2008-09<br>2009-10<br>2010-11 | LFM.5/2129A/12 31.10.2012 | 31 | |
| 2011-12 & 2012-13 | LFM.5/415/14- 02.06.2014 | 23 | |
| 2013-14 &2014-15 | LFM.5/1623/16- 25.07.2016 | 21 | |

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്

MAC

# I

# AUDIT CERTIFICATE

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം. 5/3310/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ-676505, ഫോൺ:04832734951

തീയതി07-01-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ്സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പോരൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

AUDIT CERTIFICATE

No. KSA/MPM- 5/3310/2016

Kerala State Audit Department
District Office, Malappuram

Dated: 07-01-2017

Certified that I have Audited the Annual Financial Statement of Porur Grama Panchayat in Malappuram District for the year 2015-16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Porur Grama Panchayat for the year 2015-16 except the

observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

mac